പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്ന മിട്ട
ചോദ്യം നമ്പർ: 85

28.9.2011 ൽ മറുപടിയ്ക്ക്

## കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭ്യമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഈ നടപടികൾക്ക് തടസ്സം നിൽക്കുന്നത് മരുന്നുവിതരണക്കാരുടെ ഏതൊക്കെ സംഘടനകളാണെന്ന് വ്യക്തമാക്കുമോ ; | (എ ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള 529 ഇനം അവശ്യമരുന്നുകൾ (essential drugs )വിവിധ സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, സർക്കാർ ആശുപത്രികളിൽ പേയിങ് കൗണ്ടറുകൾ എന്നിവ മരുന്നുകളുടെ ലേബലിൽ പ്രിന്റ് ചെയ്തിട്ടുള്ള Maximum Retail Price – ൽ നിന്ന് നിശ്ചിത ശതമാനം കുറച്ച് വളരെ തുച്ഛമായ ലാഭത്തിൽ ആണ് മരുന്ന് വില്പന നടത്തുന്നത്. കൂടാതെ Drugs Price Control Order പ്രകാരം നിശ്ചിത വിലയിൽ മാത്രമേ മരുന്ന് വില്പന നടത്തുന്നുള്ളൂ എന്ന് Drugs Control വകുപ്പ് ഉറപ്പ് വരുത്തുന്നു. |
| (ബി) മരുന്നു കമ്പനി ഉടമകളുമായുള്ള ആരോഗ്യ വകുപ്പധികൃതരുടെ യോഗം മാറ്റിവയ്ക്കേണ്ടി വന്നത് ഈ സംഘടനകളുടെ ഇടപെടലിനെ തുടർന്നാണെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ സംഘടനകളെ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) യും (സി) യും<br>യോഗം മാറ്റിവയ്ക്കേണ്ടി വന്നത് സംഘടനാ ഇടപെടൽ മൂലമല്ല. മതിയായ മുന്നൊരുക്കം ഇല്ലാതെ ഈ യോഗം നടത്തുകയാണെങ്കിൽ വിജയിക്കാൻ സാധ്യത കുറവായതിനാലാണ് യോഗം മാറ്റിവച്ചത്. യോഗത്തിനുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നു. യോഗം താമസം വിനാ നടക്കുന്നതാണ്. സർക്കാർ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി അവശ്യമരുന്നുകളും സാമഗ്രികളും സൗജന്യമായി സർക്കാർ ആശുപത്രി വഴി വിതരണം ചെയ്യുന്നുണ്ട്. ഈ അവശ്യമരുന്നു ലിസ്റ്റിൽ ഏകദേശം അഞ്ഞൂറോളം മരുന്നുകൾ ഉണ്ട്. |
| സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും ഡ്രഗ്സ് കൺട്രോളറും ഇക്കര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | |

സെക്ഷൻ ഓഫീസർ